**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഓഫ് സീസൺ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓഫ് സീസൺ ടൂറിസം ആകർഷണീയമാക്കുന്നതിന് സാധ്യമായ നയപരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ടൂറിസം ഫെസ്റ്റിവലുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; 2024-25 കാലയളവിൽ സംഘടിപ്പിച്ച ഫെസ്റ്റിവലുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് എല്ലാ സമയവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തി, സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഓണത്തോട് അനുബന്ധിച്ചുള്ള സാംസ്കാരിക ഉത്സവങ്ങൾക്കും ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു. ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിലുള്ള വള്ളം കളി മത്സരവും ഈ നിലയിലുള്ള ചുവടുവെപ്പാണ്. മലബാർ വാട്ടർ ഫെസ്റ്റ് എന്ന പേരിൽ അന്താരാഷ്ട്ര കയാക്കിംഗ് മത്സരം വൻതോതിൽ സഞ്ചാരികളെയും ആകർഷിക്കുന്നു. അതോടൊപ്പം മൺസൂൺ ഫെസ്റ്റുകളും വെൽനസ്സ് ടൂറിസം ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നു. 2024-25 ൽ സി.ബി.എൽ, മലബാർ റിവർ ഫെസ്റ്റിവൽ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ